(ബി) കേരള കാർഷിക സർവ്വകലാശാലയിൽ തെങ്ങിന്റെ പൂങ്കുല നീര് സംസ്കരിച്ച് നീരയും (കേരാമൃതം) തെങ്ങിൻ പൂങ്കുലയിൽനിന്നും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി മൂന്നു പൈലറ്റ് പ്രോജക്ട് സംഘടിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും ഇതിൽ ആദ്യ പ്രോജക്ട് നീലേശ്വരം പടന്നക്കാട് കേന്ദ്രമാക്കി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. പൈലറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ആകെ 130 ലക്ഷം രൂപ 2013-14, 2014-15 വർഷങ്ങളിലായി കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. പൈലറ്റ് യൂണിറ്റിൽ ഉല്പാദിപ്പിക്കുന്ന നീര നാളികേരവികസന കോർപ്പറേഷന്റെ വിപണനകേന്ദ്രങ്ങൾ വഴി വിപണനം ചെയ്യുന്നു.

(സി) നീര ഉല്പാദിപ്പിക്കുവാൻ അനുയോജ്യമായ തെങ്ങിനങ്ങളെക്കുറിച്ചും പ്രദേശങ്ങളെക്കുറിച്ചും വിശദമായ പഠനങ്ങൾ കാർഷിക സർവ്വകലാശാലയിൽ നടത്തിയിട്ടില്ല. സങ്കരയിനങ്ങളും നാടൻ ഇനങ്ങളും (WCT), ലക്ഷദ്വീപ് ഓർഡിനറി, ആൻഡമാൻ ഓർഡിനറി എന്നീ ഇനങ്ങളും താരതമ്യേന കൂടുതൽ അളവിൽ നീര ഉല്പാദിപ്പിക്കുന്നവയാണ്. എന്നാൽ കുറിയ ഇനങ്ങളിൽ നീര ഉല്പാദനം കുറവാണ്. വേനൽക്കാലത്ത് ഈർപ്പം നിലനിർത്താൻ പറ്റുന്ന മണ്ണ് അഥവാ ജലസേചനം നൽകാൻ കഴിയുന്ന പ്രദേശങ്ങൾ നീര ഉല്പാദനത്തിന് അനുയോജ്യമാണ്. ഉപ്പുരസം കലർന്ന മണ്ണ് നീര ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കും.

ജൈവ വൈപ്പിൻ പദ്ധതി

129 (3097) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ജൈവ വൈപ്പിൻ പദ്ധതിക്ക് അനുമതി ലഭ്യമാക്കിയിരുന്നുവോയെന്ന് വിശദീകരിക്കാമോ ;

(ബി) പദ്ധതി നടത്തിപ്പിനായി നബാർഡ് സഹായം ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XX സ്കീമിൽ ഉൾപ്പെടുത്തി വൈപ്പിൻ നിയോജകമണ്ഡലത്തിലെ 10 പദ്ധതികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.

(ബി) നബാർഡിന്റെ ധനസഹായത്തോടെയാണ് ടി പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

നമ്പർ	പദ്ധതിയുടെ പേര്	അനുവദിച്ച തുക (ലക്ഷത്തിൽ)
1	തൊള്ളായിരം പാടം, പുത്തൻപുര പാടം, ഇഞ്ചിപുര പാടം, കാഞ്ഞിക്കാട് പാടം, മനയ്ക്കാട്, ഇല്ലിപ്പുൽ കോയിക്കൽ മിച്ചഭൂമി പാടം എന്നിവയുൾപ്പെടുന്ന പുത്തൻ പാടത്തിന്റെ അടിസ്ഥാന സൗകര്യ വികസനം.	487.21
2	എടവനക്കാട് പഞ്ചായത്തിലെ വടക്കുംഭാഗം പാടശേഖരത്തിന്റെയും കൊച്ചുപ്പ പാടശേഖരത്തിന്റെയും അടിസ്ഥാന സൗകര്യ വികസനം.	219.66
3	വലിയകടമക്കുടി, കോലടി, കടമക്കുടി ബണ്ട്, പൊക്കാളി പാടശേഖരം എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം.	196.68
4	അരങ്ങിൽ, അയ്യമ്പള്ളി പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം.	146.77
5	ചെറിയകടമക്കുടി, പുളിക്കേപ്പുറം, മുരിക്കേക്കര പൊക്കാളി പാടശേഖരം എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം.	180.04
6	നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ (പടിഞ്ഞാറ്) അടിസ്ഥാന സൗകര്യ വികസനം	239.69
7	നെടുങ്ങാട് സെൻട്രൽ പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം.	260.34
8	നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ (കിഴക്ക്) അടിസ്ഥാന സൗകര്യ വികസനം	107.91
9	ചക്കരച്ചാൽ പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം	129.20
10	ജൈവ വൈപ്പിൻ പ്രദേശത്തെ ഡ്രയിനേജ് കനാലുകളുടെ വികസനം.	3691.78
	ആകെ	5659.28

ടി പദ്ധതികൾ ഇ-ടെണ്ടർ മാനദണ്ഡം അനുസരിച്ച് ടെണ്ടർ ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly